# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2533** **14.02.2013-ലെ മറുപടിക്ക്**

## മരണാനന്തരം അവയവദാനം നടത്താൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. എം. എ. വാഹീദ് :<br>ശ്രീ. ഹൈബി ഈഡൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മരണാനന്തരം അവയവദാനം നടത്താൻ ആഗ്രഹിക്കുന്നവർക്കും ആന്തരികാവയവങ്ങൾ ആവശ്യമുള്ളവർക്കും രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. മരണാനന്തരം അവയവദാനം നടത്താൻ ആഗ്രഹിക്കുന്നവർക്കും ആന്തരീകാവയവങ്ങൾ ആവശ്യമുള്ളവർക്കും ആയത് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുവാനും രജിസ്റ്റർ ചെയ്യാനുമുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിനായി www.knos.org.in എന്ന ഒരു വെബ്സൈറ്റ് 2012 നവംബർ മാസം മുതൽ കേരളത്തിൽ നിലവിലുണ്ട്. |
| (ബി) പ്രസ്തുത സംവിധാനത്തിന്റെ സവിശേഷതകളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) ഓരോ അവയവത്തിനും (വൃക്ക, കരൾ തുടങ്ങിയവ) മുൻഗണനാക്രമവും രക്തഗ്രൂപ്പിന്റ അടിസ്ഥാനത്തിൽ വെവ്വേറെ പട്ടികകളും www.knos.org.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. മസ്തിഷ്കാഘാതം മൂലമുള്ള മരണം സംഭവിച്ചാൽ ആശുപത്രി അധികൃതർ കൺവീനറെ അറിയിക്കുകയും മുൻഗണനാക്രമം അനുസരിച്ച് സ്വീകർത്താവിനെ കൺവീനർ വഴി നിശ്ചയിക്കുകയുമാണ് ചെയ്യുന്നത്. |
| (സി) ഇതിനായി, ആശുപത്രികളിലും ഭരണതലത്തിലും എന്തെല്ലാം കാര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; | (സി) 04.02.2012-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം. 37/2012/ആ.കു.വ പ്രകാരം ഓരോ ആശുപത്രികളിലും ബ്രെയിൻ ഡെത്ത് സർട്ടിഫിക്കറ്റ് പാനൽ രൂപീകരിക്കുന്നതിന് പ്രത്യേക കമ്മിറ്റി നിലവിലുണ്ട്. ഈ പാനലിൽ ആശുപത്രി സൂപ്രണ്ട്, ചികിത്സിക്കുന്ന ഡോക്ടർ ന്യൂറോളജിസ്റ്റ് /ന്യൂറോ സർജൻ എന്നിവർ കൂടാതെ പുറമേ നിന്നുള്ള മറ്റൊരു ഡോക്ടറെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത സംവിധാനത്തിന്റെ കോ-ഓർഡിനേറ്റർ ആരാണ് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. രാംദാസ് പിഷാരടിയാണ് പ്രസ്തുത സംവിധാനത്തിന്റെ കോ- ഓർഡിനേറ്റർ. മസ്തിഷ്ക മരണം സംഭവിച്ചവരിൽ നിന്നും അവയവങ്ങൾ നീക്കം ചെയ്യുന്നതിനായി സർക്കാർ/സ്വകാര്യ ആശുപത്രികൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും അവയവ സ്വീകർത്താക്കൾക്ക് അവയവങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ചുമുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. രാംദാസ് പിഷാരടി കൺവീനറായി 'ഡിസീസ്ഡ് ഡോണർ ഓർഗൻ ട്രാൻസ് പ്ലാന്റേഷൻ പ്രോഗ്രാം' അഥവാ 'മൃതസഞ്ജീവനി' എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**